# വിദ്യാലയങ്ങളെ പരസ്യപ്രചരണ വേദികളാക്കാമോ?

**കു**ട്ടികൾ പല്ലുതേക്കണമെന്ന് പഠിപ്പിക്കുന്നത് ന്യായം. പല്ലുതേയ്ക്കുന്നത് പേസ്റ്റ് ഉപയോഗിച്ചു തന്നെ വേണമെന്ന് പഠിപ്പിക്കുന്നത് അന്യായം.

ഉപയോഗിക്കുന്നത് കോൾഗേറ്റ് ടൂത്ത് പേസ്റ്റ് തന്നെയാവണമെന്ന് പഠിപ്പിച്ചാലോ? അതിനെ അതിക്രമം എന്നു തന്നെ പറയണ്ടേ?

സ്കൂളുകളിൽ രൂപീകരിച്ചിട്ടുള്ള ഹെൽത്തുക്ലബുകളെ ഉപയോഗപ്പെടുത്തി കോൾഗേറ്റ് നടത്തിവരുന്ന ദന്തസംരക്ഷണ പരിപാടി, കുത്തകസ്ഥാപനങ്ങൾ കുതന്ത്രങ്ങളുപയോഗിച്ച് കുട്ടികളെ കീഴടക്കുന്നതെങ്ങിനെ എന്ന് തെളിയിക്കുന്ന ഒന്നാണ്.

തങ്ങളുടെ പരസ്യപ്രചാരണ പരിപാടിക്ക് വിശ്വാസ്യത കൂട്ടാൻ ഇന്ത്യൻ ദന്തൽ അസോസിയേഷനെക്കൂടി കൂട്ടുപിടിച്ചാണ് കോൾഗേറ്റ്, സ്കൂൾ ഹെൽത്തുക്ലബ്ബുകളിൽ ക്ലാസെടുക്കുന്നത്.

ഇന്ത്യൻ ദന്തൽ അസോസിയേഷനും (ഐ.ഡി.എ.) കോൾഗേറ്റും തമ്മിലുള്ള ചങ്ങാത്തം എല്ലാവർക്കുമറിയാമല്ലോ. ഐ.ഡി.എ. നൽകിയ അംഗീകാരമുദ്രയുമായിട്ടാണ് ഇപ്പോൾ കോൾഗേറ്റിന്റെ കുട്ടികളെ ഉദ്ദേശിച്ചുള്ള പേസ്റ്റ് (കാൽസിഗാർഡ്) ഇറങ്ങുന്നത്. ഡോക്ടർമാരുടെ മറ്റു ചില സംഘടനകളും ഇതുപോലെ ചില ഉപഭോഗവസ്തുക്കൾക്ക് സർട്ടിഫിക്കറ്റ് നല്കുന്നുണ്ട്. സർട്ടിഫിക്കറ്റ് നല്കുക വഴി ലക്ഷങ്ങളാണ് ഈ സംഘടനകൾ പോക്കറ്റിലാക്കുന്നത്. ഉല്പന്നങ്ങളുടെ പരസ്യങ്ങൾ വഴി സംഘടനയുടെ പേരും പ്രചരിക്കും.

അംഗീകാര മുദ്ര നല്കുന്നതിനപ്പുറത്ത്, ഡയറക്ട് മാർക്കറ്റിംഗ് കമ്പനി വക്താക്കളുടെ കൂടെ നടക്കുന്ന തരത്തിലേക്ക് ഇത്തരം സംഘടനകൾ താഴുമ്പോൾ അവയുടെ വിശ്വാസ്യതയും താല്പര്യങ്ങളും ചോദ്യം ചെയ്യപ്പെടേണ്ട അവസ്ഥയാണ്. ചില പ്രത്യേക കമ്പനികളുടെ പ്രത്യേക ഉത്പന്നങ്ങളെ കേന്ദ്രീകരിച്ച് നടത്തുന്ന ഇത്തരം ബോധവത്കരണ ക്ലാസുകൾക്കു നേരെ വിദ്യാലയാധികൃതരും മേലാധികാരികളും കണ്ണടയ്ക്കുന്നതെന്തെന്ന് മനസിലാകുന്നില്ല. അവരുടെ അംഗീകാരമുദ്രയും ഇക്കൂട്ടർ മുൻകൂട്ടിത്തന്നെ കൈക്കലാക്കിയോ?

സ്കൂൾ സംവിധാനത്തെയും ഹെൽത്തുക്ലബുകളെയും ദുരുപയോഗപ്പെടുത്തി ഉപഭോഗവസ്തുക്കളുടെ പരസ്യപ്രചാരണ വേദികളാക്കുന്ന ഇത്തരം കുത്സിത ശ്രമങ്ങൾക്കെതിരെ വിദ്യാഭ്യാസ വകുപ്പ് അധികൃതർ നടപടി എടുക്കേണ്ടതാണ്.

**വി.കെ. അശോക് കുമാർ,**
**ഓർഗനൈസിംഗ് സെക്രട്ടറി,**
**കേരള ഉപഭോക്തൃ സംരക്ഷണ സമിതി, തൃശൂർ ജില്ലാ കമ്മിറ്റി.**